"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - വയനാട് വികസന പാക്കേജ് സുൽത്താൻബത്തേരിയിൽ സംയോജിത ബോൾവാർഡ് വികസനം - കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.519/2025/P&EA തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. സ.ഉ.(കൈ) നം.8/2023/P&EA തീയതി 23.03.2023.
2. സ.ഉ.(കൈ )നം.9/2023/P&EA തീയതി 25.03.2023.
3. സ.ഉ.(സാധാ നം.373/2023/P&EA തീയതി 20.09.2023.
4. വയനാട് ജില്ലാ കളക്ടറുടെ 02.09.2025 ലെ 129351/2023/DDC/DPO/WYD(3) നമ്പർ കത്ത്.
5. സംസ്ഥാന ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 09.10.2025 ലെ SPB/86/2025-AGRI നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 1 പ്രകാരം, വയനാട് പാക്കേജ് നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചും പരാമർശം 2 പ്രകാരം സംസ്ഥാനതല എംപവേർഡ് കമ്മിറ്റി രൂപീകരിച്ചും സർക്കാർ ഉത്തരവായിരുന്നു.

2 . വയനാട് വികസന പാക്കേജിൽ ഉൾപ്പെട്ട സുൽത്താൻ ബത്തേരി നഗരസഭയിലെ സുൽത്താൻ ബത്തേരി നൂൽപുഴ (സുൽത്താൻ ബത്തേരി ഊട്ടി) റോഡിൽ കി.മീ 0/000 മുതൽ കി.മീ 2/500 വരെ നഗരസഭയുടെ ക്ലീൻ സിറ്റി ഗ്രീൻ സിറ്റി സംരംഭത്തിന് അനുസൃതമായി വികസിപ്പിക്കുന്നതിനായി "സുൽത്താൻ ബത്തേരിയിൽ സംയോജിത ബോൾവാർഡ് (Boulevard) വികസനം" എന്ന പ്രവൃത്തിയ്ക്ക് പരാമർശം 3 പ്രകാരം 1200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു.

3. ഭരണാനുമതി ഉത്തരവ്വ പ്രകാരം പൊതുമരാമത്ത് വകുപ്പ്, സുൽത്താൻ ബത്തേരി നഗരസഭ മുഖേന പദ്ധതി നിർവ്വഹണം നടത്തണമെന്നും 9 മാസം കൊണ്ട് പദ്ധതി പൂർത്തീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. പദ്ധതിയുടെ നിർവ്വഹണ കാലാവധി 20.06.2024 ന്ന അവസാനിച്ച സാഹചര്യത്തിൽ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഒരു വർഷത്തേയ്ക്ക്

ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം 4 പ്രകാരം വയനാട് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറുടെ ശിപാർശ അംഗീകരിച്ചുകൊണ്ട് വയനാട് വികസന പാക്കേജിൽ ഉൾപ്പെട്ട സുൽത്താൻബത്തേരിയിലെ സംയോജിത ബോൾവാർഡ് (Boulevard) വികസനം എന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. വീണ എൻ മാധവൻ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ കളക്ടർ, വയനാട്.
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വയനാട്.
ജില്ലാ വികസന കമ്മീഷണർ, വയനാട്.
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ (ഐ&പി.ആർ.ഡി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 20-12-2025 11:37:38
സെക്ഷൻ ഓഫീസർ